പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014)-യുടെ എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച ഏഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**ഇരുപത്തിനാലാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014)-യുടെ എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച ഏഴാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

19/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | | |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും | .. | 12 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് , സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,<br>
*അദ്ധ്യക്ഷൻ,*<br>
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,<br>
2015 ഡിസംബർ 1.

# റിപ്പോർട്ട്

## അദ്ധ്യായം I

സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ (SCP), ട്രൈബൽ സബ് പ്ലാൻ (TSP) എന്നീ പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014) 2014 ജനുവരി 23-ാം തീയതി സഭയിൽ സമർപ്പിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ടിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ആകെ 13 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം എന്നീ വകുപ്പുകളിലേക്ക് 10-3-2014-ൽ അയച്ചുകൊടുക്കുകയും റിപ്പോർട്ടിലെ ശിപാർശയിന്മേൽ വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുമുണ്ടായി. അതിൻപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടി സമിതിയുടെ 13-8-2014, 12-8-2015, 7-10-2015 എന്നീ തീയതികളിലെ യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. സമിതിയുടെ (2011-2014) ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

4. സമിതിയുടെ ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം III-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം II

## റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ചവ എന്നിവ സംബന്ധിച്ച വിശദാംശം

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളെ സൂചിപ്പിക്കുന്നു)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 6)

വ്യവസായ വകുപ്പിന്റെകീഴിൽ വ്യവസായം ആരംഭിക്കുന്നതിന് കിൻഫ്രയിൽ നിന്നും വ്യവസായ സംരംഭകർക്ക് സ്ഥലം അനുവദിക്കുന്ന പ്രോജക്ടുകൾ നിലവിലുണ്ടെങ്കിൽ അവ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ലഭ്യമാക്കണമെന്നും അപ്രകാരം വ്യവസായ പാർക്കുകളിൽ സ്ഥലവും ഷെഡ്ഡുകളും ലഭ്യമാക്കുമ്പോൾ വാടകയിനത്തിൽ ഇളവ് നൽകുന്നകാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

കിൻഫ്ര നിലവിൽ ഈ നയം അനുസരിച്ചാണ് ഭൂമി അലോട്ട് ചെയ്യുന്നത്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 7)</u>

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 130 യൂണിറ്റുകളുടെ പിന്നിട്ട 3 വർഷത്തെ ഉൽപ്പാദനം, വിൽപ്പന, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ യൂണിറ്റ് തിരിച്ച് പഠനവിധേയമാക്കണമെന്നും ന്യൂനതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7161/ബി2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

വ്യവസായ വകുപ്പിന് കീഴിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച വർക്ക്ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന 130 യൂണിറ്റുകളുടെ പിന്നിട്ട 3 വർഷത്തെ പ്രവർത്തനം വ്യവസായ വകുപ്പ് മുഖേന വിലയിരുത്തുന്നതായിരിക്കും ഉചിതം. ഇക്കാര്യത്തിൽ വ്യവസായ വകുപ്പിന് പട്ടികജാതി വികസന വകുപ്പിന്റെ സേവനം ആവശ്യമുള്ളപക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 8)</u>

പ്രവർത്തനം നിലച്ചുപോയിട്ടുള്ള യൂണിറ്റുകളുടെ പ്രവർത്തനം നിലയ്ക്കുവാനുണ്ടായ സാഹചര്യങ്ങൾ മനസ്സിലാക്കി അവ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ ഏതൊക്കെ ഭൗതിക സാഹചര്യങ്ങളാണ് ആവശ്യമെന്നത് വിലയിരുത്തി അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

പ്രവർത്തനമൂലധനത്തിന്റെ അഭാവം, ബാങ്ക് വായ്പയ്ക്കുള്ള കാലതാമസവും തടസ്സവും എന്നിവയാണ് യൂണിറ്റുകളുടെ പ്രവർത്തനം നിലയ്ക്കുവാനുണ്ടായ സാഹചര്യങ്ങൾ. പ്രവർത്തനം നിലച്ചുപോയിട്ടുള്ള യൂണിറ്റുകളുടെ പുനരുദ്ധാരണ നടപടിക്രമങ്ങൾ പ്രത്യേക പാക്കേജായി പരിഗണിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു. പ്രത്യേക പാക്കേജുകൾ ഉടനടി തയ്യാറാക്കുന്നതാണ്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 9)

പ്രവർത്തനസജ്ജമാക്കേണ്ട 30 യൂണിറ്റുകൾ എത്രയുംവേഗം പണിപൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ അധിക ബഡ്ജറ്റ് വിഹിതം അനിവാര്യമാണെങ്കിൽ അതൊരു പ്രത്യേക പാക്കേജായി പരിഗണിച്ച് ആവശ്യമായ തുക വകയിരുത്തുവാൻ ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വ്യവസായ വകുപ്പിന്റെ മറുപടി

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

പ്രവർത്തനസജ്ജമല്ലാത്ത യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്വീകരിച്ചുവരുന്നു.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7161/ബി2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

പ്രവർത്തനസജ്ജമാക്കേണ്ട 30 യൂണിറ്റുകളുടെയും പട്ടികജാതി വിഭാഗക്കാർക്കായി മാറ്റിവച്ചിട്ടുള്ളതാണെങ്കിൽ ആയതിന്റെ യൂണിറ്റ് തിരിച്ചുള്ള സാമ്പത്തിക ബാധ്യതയുൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നപക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 10)

തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ പട്ടികജാതി കോളനിയിൽ നിർമ്മിച്ചിട്ടുള്ള ഷെഡ്ഡുകളുടെ നിർമ്മാണത്തിൽ വ്യവസായ വാണിജ്യ വകുപ്പിന് പങ്കുണ്ടോ; ഉണ്ടെങ്കിൽ അതിന് വിനിയോഗിച്ച തുകയും യൂണിറ്റുകളുടെ ഇപ്പോഴത്തെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

വ്യവസായ വകുപ്പിന്റെ മറുപടി

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ പട്ടികജാതി കോളനിയിൽ നിർമ്മിച്ചിട്ടുള്ള ഷെഡ്ഡുകളുടെ ചുമതല പട്ടികജാതി വികസന ഡയറക്ടറേറ്റിനാണ്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7161/ബി 2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

വ്യവസായ വകുപ്പിനോടാണ് ക്ഷേമ സമിതി വിശദാംശങ്ങൾ ആരാഞ്ഞിട്ടുള്ളത്. എന്നിരുന്നാലും പട്ടികജാതി വികസന വകുപ്പിന്റെ സേവനം ആയതിലേക്ക് ആവശ്യമുള്ളപക്ഷം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 11)

എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് സംസ്ഥാന ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സംസ്ഥാനത്ത് രണ്ട് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നതായി സമിതിയിൽ വെളിവാക്കപ്പെട്ടു. അവയിൽ ആദ്യത്തേത് ഇടുക്കിയിൽ സ്ഥാപിക്കുവാൻ പോകുന്നതും എട്ട് ആദിവാസി വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതുമായ വീവിംഗ് സെന്ററാണെന്നും സമിതി മനസ്സിലാക്കി. എന്നാൽ രണ്ടാമത്തേത് പാലക്കാട് ചിതലിയിൽ നിലവിലുള്ള യൂണിറ്റിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ഒരു സിൽക്ക് വീവിംഗ് യൂണിറ്റായിട്ടാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ടി. എസ്. പി. ഫണ്ടിൽ നിന്നും 105.75 ലക്ഷം രൂപ അനുവദിച്ചതിൽ 60 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടത്തിന്റെ പണിപൂർത്തിയാക്കിയെന്നും ബാക്കി തുകയായ 45.75 ലക്ഷം രൂപ ഉപയോഗിച്ച് തറിക്ക് ക്വട്ടേഷൻ ക്ഷണിച്ച് ഉടൻതന്നെ പർച്ചേസ് നടത്തുമെന്നും പ്രസ്തുത സംരംഭത്തിലൂടെ 60 ഹരിജൻ യുവതികൾക്ക് ജോലി ലഭ്യമാക്കുമെന്നും ഖാദി ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ച് ഉത്പാദനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

## വ്യവസായ വകുപ്പിന്റെ മറുപടി

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

2011-12-ലെ എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ നിന്നും പാലക്കാട് ജില്ലയിലെ ചിതലിയിൽ സിൽക്ക് ഉല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി ആകെ 105.75 ലക്ഷം രൂപ അനുവദിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആദ്യഗഡുവായി 60 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ടി ഫണ്ട് ഉപയോഗിച്ച് 6000 സ്ക്വയർഫീറ്റ് വിസ്തൃതിയിലുള്ള ഒരു കെട്ടിടം പണിയുകയും ബാക്കി തുകയായ 45.75 ലക്ഷം രൂപ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി അനുവദിച്ചുനൽകുകയും ചെയ്തു. ഇതനുസരിച്ച് തറികളും അനുബന്ധ

ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 60 പേർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. 44 പേർ പരിശീലനം പൂർത്തീകരിച്ചു. എന്നാൽ സിൽക്ക് നൂലിന്റെ ലഭ്യതക്കുറവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം നിത്യേന തൊഴിലും മതിയായ കൂലിയും ലഭിക്കാതെ 15 നെയ്ത്തുകാർ മറ്റ് തൊഴിൽമേഖലയിലേക്ക് മാറിപ്പോയിട്ടുള്ളതാണ്. അതിനാൽ 29 പേർ മാത്രമേ നിലവിൽ ഈ മേഖലയിൽ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ. മറ്റു മേഖലയിൽ തൊഴിൽതേടിപ്പോയ തൊഴിലാളികളെ തിരികെ കൊണ്ടുവരുന്നതിനായി തറികളിൽ കോട്ടൺ നെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പിന് അനുവദിച്ച തുകയിൽനിന്നും പുതുതായി വാങ്ങിയ 40 തറികൾ ഉൾപ്പെടെ 80 തറികൾ പ്രസ്തുത വർക്ക്ഷെഡ്ഡിൽ സ്ഥാപിച്ചിട്ടുണ്ട്. ഇനിയും ഈ വർക്ക്ഷെഡ്ഡിൽ തറികൾ സ്ഥാപിക്കുന്നതിന് മതിയായ സ്ഥലം അവശേഷിക്കുന്നില്ല. അതിനാൽ അനുവദിച്ച തുകയിൽ വിനിയോഗിക്കാൻ കഴിയാത്ത 7.59 ലക്ഷം രൂപ തിരിച്ചടയ്ക്കാൻ പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ചിതലി സിൽക്ക് നെയ്ത്ത് കേന്ദ്രത്തിൽ 29 തൊഴിലാളികളെ ഉപയോഗിച്ച് സിൽക്ക് നെയ്ത്ത് നടത്തിവരുന്നു.

2011-12 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട 8 സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനായി ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി 4.85 ലക്ഷം രൂപ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് അനുവദിച്ചുനൽകിയിരുന്നു. ഇതനുസരിച്ച് മണിയാറൻകുടി എന്ന സ്ഥലത്ത് ഒരു യൂണിറ്റ് ആരംഭിക്കുകയും അവിടെ 8 തറികൾ സ്ഥാപിക്കുകയും ചെയ്തു. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി പട്ടികജാതി യിൽപ്പെട്ട 8 സ്ത്രീകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി. ഇപ്പോൾ നിലവിലെ സ്ഥിതിയനുസരിച്ച് പ്രതിവർഷം ടി യൂണിറ്റിൽ നിന്നും 6 ലക്ഷം രൂപയുടെ ഖാദി ഉൽപ്പാദനം നടത്തിവരുന്നു.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7161/ബി2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് 2009-10 വർഷം പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ചിതലി സിൽക്ക് നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണം മെഷ്യനറികൾ, പരിശീലനം എന്നിവയ്ക്കായി ആകെ 105.75 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 60 ലക്ഷം രൂപ കെട്ടിടനിർമ്മാണത്തിനും 45.75 ലക്ഷം രൂപ മെഷ്യനറി/അനുബന്ധ ഉപകരണങ്ങൾ/പരിശീലനം എന്നിവയ്ക്കുമാണ് കെട്ടിടനിർമ്മാണ ത്തിനായി അനുവദിച്ച 60 ലക്ഷം രൂപയിൽ 59.99853 ലക്ഷം രൂപ വിനിയോഗിച്ച്

കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മെഷ്യനറി/അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി അനുവദിച്ച 45.75 ലക്ഷം രൂപയിൽ 37.59289 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 44 പേർക്ക് പരിശീലനം ലഭിച്ചതിൽ 29 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. പ്രൊപ്പോസൽ പ്രകാരമുള്ള 60 വനിതകൾക്കും പരിശീലനം നൽകി യൂണിറ്റ് പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 12)</u>

സംസ്ഥാനത്ത് ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചവയും എന്നാൽ ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുമായ വ്യവസായ സംരംഭങ്ങളിൽ പുനരുജ്ജീവനം സാധ്യമായവയെ ഒരു പാക്കേജിൽപ്പെടുത്തി എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പുനരുജ്ജീവിപ്പിക്കണമെന്നും അതുവഴി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഓരോ സ്പെഷ്യൽ ഓഫീസർമാരെ നിയോഗിച്ച് ആവശ്യമായ പ്രവർത്തനം ഏകോപിപ്പിക്കണമെന്നുമുള്ള നിർദ്ദേശം.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചവയും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുമായ വ്യവസായ സംരംഭങ്ങളിൽ പുനരുജ്ജീവനം സാധ്യമായവയെ ഒരു പാക്കേജിൽപ്പെടുത്തി എസ്.സി.പി./ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് പുനരുജ്ജീവിപ്പിക്കാമെന്നും അതുവഴി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതാണെന്നും ഇതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഓരോ സ്പെഷ്യൽ ഓഫീസർമാരെ നിയോഗിച്ച് ആവശ്യമായ പ്രവർത്തനം ഏകോപിപ്പിക്കണമെന്നുമുള്ള നിർദ്ദേശത്തിന്മേൽ നടപടികൾ സ്വീകരിക്കേണ്ടത് പ്രസ്തുത വകുപ്പാണ് എന്നുള്ള വിവരം അറിയിക്കുന്നു.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7161/ബി2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

സംസ്ഥാനത്ത് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചതും, ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതുമായ എസ്.സി. വിഭാഗക്കാർ കൂടുതലായുള്ള വ്യവസായ സംരംഭങ്ങൾ പുനരുജ്ജീവിപ്പിച്ച് പട്ടികജാതി വിഭാഗക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് പര്യാപ്തമായ പ്രൊപ്പോസൽ വ്യവസായ വകുപ്പ് സമർപ്പിക്കുന്നപക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്ന നിർദ്ദേശം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 13)

കൈത്തറി വ്യവസായ യൂണിറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾക്ക് ആകർഷകമായ ഇളവുകൾ നൽകി അവയെ പുനരുജ്ജീവിപ്പിക്കണമെന്നും വനിതകളെ പ്രത്യേകിച്ച് ഈ രംഗത്തേക്ക് ആകർഷിക്കുവാൻ പദ്ധതി തയ്യാറാക്കണമെന്നുമുള്ള ശിപാർശ.

വ്യവസായ വകുപ്പിന്റെ മറുപടി

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുകയും പട്ടികജാതിക്കാർ ഉൾപ്പെടെ 600 പേർക്ക് പരിശീലനം നൽകുകയും 60 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. പരിശീലനം ലഭിച്ചവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഈ വർഷം പട്ടികജാതി വനിതകൾ ഉൾപ്പെടെ ഏകദേശം 700 പേർക്ക് പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 16)

എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വർക്ക്ഷെഡ്ഡുകളിൽ പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി നല്ല വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എസ്.സി./ എസ്.റ്റി.കാർക്ക് സാമ്പത്തികസഹായം ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണമെന്നും അതിനുള്ള ഒരു പാക്കേജ് തയ്യാറാക്കി അത് സംസ്ഥാനതലത്തിൽ പ്രചരണം നടത്തി നടപ്പിലാക്കുന്നതിനുള്ള അടിയന്തരനടപടി കൈക്കൊള്ളണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

## വ്യവസായ വകുപ്പിന്റെ മറുപടി

(12-6-2015-ലെ 8247/ഇ 1/2014/വ്യവ. നമ്പർ കത്ത് പ്രകാരം)

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളും വ്യവസായ യൂണിറ്റുകളും പ്രവർത്തനരഹിതമായിട്ടുള്ളവ കണ്ടെത്തി പുനരുദ്ധരിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് എസ്.സി.പി./ടി.എസ്.പി. പൂൾഡ് ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ച് സമർപ്പിക്കുവാൻ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം തൃശ്ശൂർ പ്രോജക്ടിനുകീഴിലുള്ള മാള എസ്.സി.ഡി.എഫ്. മില്ല് പുനരുദ്ധാരണത്തിനുള്ള പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

വടക്കൻ പറവൂർ പ്രോജക്ടിനുകീഴിൽ SIDCOS Ltd. No. E964 എന്ന എസ്.സി. സംഘം പ്രവർത്തനരഹിതമായിരുന്നു. 15-5-2015-ന് കൂടിയ സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി, ടി സംഘത്തിൽ പുതിയ ഡിഫൈബറിംഗ് മിൽ സ്ഥാപിക്കുന്നതിന് 24,06,975 രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## തുടർന്ന് വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട്

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന സ്ഥാപനങ്ങളിൽ പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി നല്ല വ്യവസായങ്ങൾ ആരംഭിക്കുവാൻ എസ്.സി./എസ്.റ്റി. വകുപ്പ് ഇതിനായി നീക്കിവച്ചിട്ടുള്ള ഫണ്ട് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വകുപ്പിൽ നിന്നും ഒരു പ്രൊപ്പോസൽ വ്യവസായ വാണിജ്യ വകുപ്പുമായി സഹകരിച്ച് തയ്യാറാക്കേണ്ടതാണ്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7161/ബി2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ക്ഷേമ സമിതി നിർദ്ദേശപ്രകാരമുള്ളതും പട്ടികജാതി വിഭാഗക്കാർക്ക് ഗുണപ്രദവുമായ പ്രൊപ്പോസൽ വ്യവസായ വകുപ്പിൽ നിന്നും ലഭിക്കുന്നപക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 17)</u>

കോഴിക്കോട് ജില്ലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആണി ഉത്പാദന യൂണിറ്റ് മെച്ചപ്പെടുത്തുവാനും ആധുനിക യുഗത്തിന് കൂടുതൽ ആവശ്യമുള്ള ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുവാനും നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭത്തിലാക്കുന്നതിനും അടച്ചിട്ടിരിക്കുന്ന ഷെഡ്ഡുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് പുതിയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ആണി വ്യവസായം വിപുലപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ട് ഉണ്ടാക്കുന്നതിനും സമഗ്രമായ റിവ്യൂ നടത്തി പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

ചാത്തമംഗലം മിനി വ്യവസായ എസ്റ്റേറ്റിൽ സ്ഥാപിച്ചിട്ടുള്ള 5 യൂണിറ്റുകളിൽ 3 എണ്ണം പ്രവർത്തിക്കുന്നു. ആണി നിർമ്മാണ യൂണിറ്റിന് ബാങ്ക്‌വായ്പ ലഭ്യമായതിനുശേഷം 1-1-2014-ന് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കൂടുതൽ മുതൽമുടക്ക് ആവശ്യമായ സംരംഭമായതിനാൽ എസ്.സി.എ./എസ്.സി.പി. പദ്ധതിപ്രകാരം ധനസഹായം ലഭ്യമാക്കി യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7161/ബി2/2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

കോഴിക്കോട് ജില്ലയിലെ ആണി ഉൽപ്പാദന യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും യൂണിറ്റ് ലാഭകരമാക്കുന്നതിനും വ്യവസായ വകുപ്പ് അനുയോജ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നപക്ഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 19)</u>

വുഡ് ഇൻഡസ്ട്രീസിൽ പ്രവർത്തിക്കാതിരിക്കുന്ന 2 സ്ഥാപനങ്ങൾ വൈദ്യുതി ലഭ്യമാക്കി തുറന്നുപ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനുള്ള ശിപാർശ.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ വൈദ്യുതി ബോർഡിന് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 20)</u>

ഹോളോബ്രിക്സ് യൂണിറ്റിന് സൗകര്യപ്രദമായ കൂടുതൽ സ്ഥലം ലഭ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കണമെന്ന നിർദ്ദേശം.

<u>വ്യവസായ വകുപ്പിന്റെ മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 28 പേർ തൊഴിലെടുക്കുന്ന ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണ്. സ്ഥലപരിമിതിമൂലം മാർക്കറ്റിലെ ഡിമാന്റനുസരിച്ച് ഉത്പാദനം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. സംഘത്തിന്റെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്ഥലം, ഉടമ വിൽക്കാൻ തയ്യാറാണെന്നതിനാൽ ഈ സ്ഥലം ലഭിക്കുകയാണെങ്കിൽ സംഘത്തിന് സ്ഥലപരിമിതി എന്ന പ്രധാനപ്രശ്നം പരിഹരിക്കാനാവും. പ്രസ്തുത സ്ഥലത്തിന് സെന്റിന് 2.25 ലക്ഷം രൂപ തോതിൽ 15 സെന്റ്, ആകെ വില 33.75 ലക്ഷം രൂപയിൽ ഗവൺമെന്റിൽ നിന്നും ഉള്ള ധനസഹായവും സംഘം വിഹിതവും ചേർത്ത് ഫണ്ട് കണ്ടെത്തുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 21)</u>

വ്യവസായ വാണിജ്യ വകുപ്പിലെ പദ്ധതികളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നീക്കിവച്ചിട്ടുള്ള പൂൾഡ് ഫണ്ടും SCA to SCP, SCA to TSP ഫണ്ടുകളും പദ്ധതി നടപ്പിലാക്കാനുള്ള പ്രധാന ധനസ്രോതസ്സുകളായി പരിഗണിച്ചുകൊണ്ടും ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളുടെ വായ്പാസൗകര്യം ഉറപ്പാക്കിക്കൊണ്ടും ഒരു പ്രത്യേക പാക്കേജായി വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള അടിയന്തരനടപടി കൈക്കൊള്ളുവാനുള്ള ശിപാർശ.

<u>വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

ആവശ്യമായ EDP ട്രെയിനിംഗ് നൽകി SCA to SCP പൂൾഡ് ഫണ്ട് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് ലഭ്യമാക്കുന്നതനുസരിച്ച് SC/ST സംരംഭകർക്കുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റുകൾ തുടങ്ങുവാനുള്ള പ്രചോദനം ടി വിഭാഗത്തിന് ലഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ മേൽവിഭാഗത്തിന് നൽകിവരുന്നുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നു ലഭിച്ച മറുപടി</u>

(18-8-2015-ലെ 7232/പി.എം./2014/പജപവവിവ. നമ്പർ കത്ത് പ്രകാരം)

ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.റ്റി. ഷെഡ്ഡുകളിലും മിനി വ്യവസായ സഹകരണ എസ്റ്റേറ്റിൻകീഴിൽ പ്രവർത്തിക്കുന്ന എസ്.റ്റി. ഷെഡ്ഡുകളിലും ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് തന്നെ എസ്.റ്റി. സംരംഭകരെ കണ്ടെത്തി പ്രോത്സാഹന ജനകമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, കാലത്തിനനുസരിച്ച് പ്രായോഗികമായ പദ്ധതികൾ തിരിച്ചറിഞ്ഞ് ആവശ്യമായ EDP ട്രെയിനിംഗ് നൽകി SCA to TSP, പൂൾഡ് ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിനനുസരിച്ച് എസ്.റ്റി. സംരംഭകർക്കുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണെന്നും, SCA to TSP പദ്ധതിപ്രകാരം മേൽവിഭാഗത്തിനായി മാത്രം നീക്കിവച്ച ഫണ്ടുകൾ ലഭിക്കുന്നമുറയ്ക്ക് തന്നെ വ്യക്തികൾക്കും മറ്റ് ഏജൻസികൾ വഴിയും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റുകൾ തുടങ്ങുവാനുള്ള പ്രചോദനം ടി വിഭാഗത്തിന് ലഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ മേൽവിഭാഗത്തിന് വ്യവസായ വകുപ്പ് നൽകിവരുന്നുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

# സമിതിയുടെ ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 7)

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 130 യൂണിറ്റുകളുടെ പിന്നിട്ട 3 വർഷത്തെ ഉൽപ്പാദനം, വിൽപ്പന, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ യൂണിറ്റ് തിരിച്ച് പഠനവിധേയമാക്കണമെന്നും ന്യൂനതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശം

### വ്യവസായ വകുപ്പിന്റെ മറുപടി

(13-8-2015-ലെ 19120/എഫ് 1/2015/വ്യവ. നമ്പർ കത്ത് പ്രകാരം)

മുൻ തെളിവെടുപ്പ് സമയത്ത് വിട്ടുപോയ കൊല്ലം ജില്ലയിലെ ഉമയനല്ലൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 3 ഷെഡ്ഡുകൾ ഉൾപ്പെടെ 133 യൂണിറ്റുകളുടെ പിന്നിട്ട 3 വർഷത്തെ ഉൽപ്പാദനം, വിൽപ്പന, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ യൂണിറ്റ് തിരിച്ച് പഠനവിധേയമാക്കാനും ന്യൂനതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് രണ്ട് മാസത്തെ സമയം അനുവദിക്കണമെന്നും അപേക്ഷിക്കുന്നു.

12-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെ ചേർക്കുന്ന അധികവിവരങ്ങൾ ആരായാൻ തീരുമാനിക്കുകയും ചെയ്തു:

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 133 യൂണിറ്റുകളുടെ പിന്നിട്ട മൂന്ന് വർഷത്തെ ഉല്പാദനം, വില്പന, ലാഭം, നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ യൂണിറ്റ് തിരിച്ച് പഠനവിധേയമാക്കാനും ന്യൂനതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനും സ്വീകരിച്ച നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദവിവരം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 നവംബർ 25.